ശ്രീ. എ. എം. തോമസ്: തിരുവനന്തപുരം പട്ടണത്തിൽ യാതൊരു മരണവും നടന്നിട്ടില്ലെന്നാണൊ പറയുന്നത്?

ശ്രീ. ടി. കെ. നാരായണപിള്ള: തിരുവനന്തപുരം പട്ടണത്തിൽ പല മരണങ്ങളും നടന്നിട്ടുണ്ട്. പട്ടിണികൊണ്ടുള്ള മരണം നടന്നിട്ടുണ്ടോ എന്നാണ് ചോദ്യം; അതിനു ഇല്ലെന്നാണ് ഉത്തരം.

ശ്രീ. എ. എം. തോമസ്: പട്ടിണികൊണ്ടു യാതൊരു മരണവും നടന്നിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: നടന്നിട്ടില്ല.

Sri. A. K. George: Who is the officer competent to report to Government on this matter?

Sri. T. K. Narayana Pillai: That is done by various departments. The Public Health Department and the Police Department can send reports.

സക്കാർ കൃഷിത്തോട്ടം കൂലിക്കാർ

*൪൪൫. (൪൨) ശ്രീ. എ. എം. തോമസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സക്കാർ കൃഷിത്തോട്ടങ്ങളിൽ ജോലിയെടുക്കുന്ന കൂലിക്കാർക്കു കൊടുത്തുവരുന്ന കുറഞ്ഞ കൂലിയെന്തു; കൂടുതൽ കൂലിയെന്തു;

(ബി) ഒട്ടുക്കര സക്കാർ കൃഷിത്തോട്ടത്തിൽ പണിയെടുക്കുന്ന തൊഴിലാളികളിൽനിന്നും കൂലിസംബന്ധിച്ചു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(സി) അവർക്കു കിട്ടുന്ന കുറഞ്ഞ കൂലിയും കൂടുതൽ കൂലിയും എന്തു;

(ഡി) മേൽവിവരിച്ചു തൊഴിലാളികൾ ശമ്പളമല്ലാതെ മറ്റു ആനുകൂല്യങ്ങൾ വല്ലതും ലഭിക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ)

കുറഞ്ഞകൂലി പുരുഷനു്	൧൨	അണ,	
,, സ്ത്രീക്കു്	൨൪	,,	
,, കുട്ടിക്കു്	൧൦	,,	
,, വിദഗ്ധനു്	൨	ഉറുപ്പിക	
കൂടിയകൂലി പുരുഷനു്	൨	രൂപ.	
,, സ്ത്രീക്കു്	൨൪	അണ.	
,, കുട്ടിക്കു്	൧൨	,,	
,, വിദഗ്ധനു്	൨	രൂപ.	

(ബി) ഒട്ടുക്കര സക്കാർ കൃഷിത്തോട്ടത്തിലെ ജോലിക്കാരുടെ കൂലിയെ സംബന്ധിച്ചു് മണ്ണരുത്തി കോൺഗ്രസ്സു് പ്രസിഡണ്ടു് ശ്രീ. ബാലകൃഷ്ണൻ ബി.എ. തവണ്ടിലേക്കു ഒരു ഹർജ്ജി അയച്ചിട്ടുണ്ടു്.

(സി)

	രൂ.	ണ.	പൈ.
പുരുഷനു് കുറഞ്ഞകൂലി	൧	0	0
കൂടിയകൂലി	൧	0	0
സ്ത്രീക്കു് കുറഞ്ഞകൂലി	0	൨	0
,, കൂടിയകൂലി	0	൨	0
വിദഗ്ധനു് കുറഞ്ഞകൂലി	൨	0	0
,, കൂടിയകൂലി	൨	0	0

ഫാറം സ്വുൻറിനു് പ്രതിമാസം ൨൦ രൂപ ശമ്പളവും ൨൦ രൂപ അലവൻസും കിട്ടുന്നുണ്ടു്. കൂടാതെ താണതരം ജോലിക്കാർക്കുള്ള മറ്റെല്ലാ ആനുകൂല്യങ്ങളും അവർക്കു ലഭിക്കുന്നുണ്ടു്.

(ഡി) സി ഭാഗം ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എം. തോമസ് : താണതരം ജോലിക്കാർക്ക് കിട്ടുന്ന ആനുകൂല്യങ്ങളും എന്തെല്ലാമെന്ന ദയവായി പറയുമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിന്റെ വിവരങ്ങളെല്ലാം ഇപ്പോൾ എന്റെ കൈവശം ഇല്ല.

ശ്രീ. എ. എം. തോമസ് : ഗവൺമെന്റിനു കിട്ടിയ പരാതിയെ സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയോ ?

ശ്രീ. ടി. കെ. നാരായണപിള്ള : അന്വേഷണം നടത്തി. തല്ക്കാലം കൂലി കൂട്ടിക്കൊടുക്കേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ഗാസ്പർ ഡിസിൽവ : കുറഞ്ഞകൂലിക്കാർക്ക് ഡിയർനസ് അലവൻസ് ഉണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ട്.

PRIMARY SCHOOLS

*152. [13] **Sri. R. Chellaswami Nadar:** Will the Hon'ble Minister for Education be pleased to state :

(*a*) whether the Government will allow private management primary schools in the present compulsory primary education area ;

(*b*) if the answer is in the affirmative whether the management schools taken by the Government will be given back to the old managers?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) No; except institutions of a denominational nature.

(*b*) The question does not arise.

TEXT BOOKS

*153. [14] **Sri. K. A. Mathew:** Will the Hon'ble Minister for Education be pleased to state :

(*a*) how many books were submitted to the Text Book Selection Committee by the Text Book Officer which were his own ;

(*b*) how many of these were selected or prescribed for this school year and or what all classes ; and

(*c*) the names of those with their respective prices?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) No book was submitted to the Text Book Selection Committee by the Text Books Officer. But a publishing Firm entitled 'Balan Publications, Trivandrum' submitted 24 books to the Committee. Sri. Mathew M. Kuzhivelil (Text Books Officer) is the author and editor of some of these books.

(*b*) Two books published by the above Firm were prescribed as Text Books- one for Form I and the other for Class IV.

(*c*) "Sindbad" by Mr. Ramakrishnan Nayar for Form I—Price: 9 annas ;
"Kathakauthukam" by Mathew M. Kuzhiveli for Class IV—Price: 5 annas.

ശ്രീ. കെ. എ. മാത്യു : ബാലൻ ബുക്കുഡിപ്പോയുടെ ഉടമസ്ഥൻ ആരാണ് ?

ശ്രീ. ടി. കെ. നാരായണപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. കെ. എ. മാത്യു : അതു ശ്രീ. മാത്യു എം. കുഴിവേലി ആണെന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള : നിശ്ചയമില്ല.

ശ്രീ. കെ. എ. മാത്യു . ശ്രീ. മാത്യു എം. കുഴിവേലി ടെക്സ്റ്റ് ബുക്ക് ആഫീസർ അല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly